"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൊല്ലം കോർപറേഷന്റെ "ലോറി സ്റ്റാൻഡ് മൊബിലിറ്റി ഹബ് ഷോപ്പിങ് കോംപ്ലക്സ് നിർമാണം" എന്ന പദ്ധതിക്ക് (പ്രോജക്ട് നമ്പർ: 813/22, അടങ്കൽ: 30 കോടി രൂപ, വികസന ഫണ്ട്: ജനറൽ -15 ലക്ഷം രൂപ, ലോൺ - 29.85 കോടി രൂപ) തത്വത്തിൽ അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.87/2022/LSGD തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:-
1. കൊല്ലം ജില്ലാ പ്ലാനിങ് ഓഫീസറുടെ 21.10.2021-ലെ കത്ത് (SRG 629/21 , CC 400/21)
2. 18.12.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.58

**ഉത്തരവ്**

കൊല്ലം കോർപ്പറേഷൻ 30 കോടി രൂപ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിച്ച "ലോറി സ്റ്റാൻഡ് മൊബിലിറ്റി ഹബ് ഷോപ്പിങ് കോംപ്ലക്സ് നിർമാണം" എന്ന പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അനുമതി നിഷേധിക്കുകയും സർക്കാർ അനുമതി വാങ്ങി നടപ്പാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കൊല്ലം ടൗണിൽ FCI ഗോഡൗണിനു സമീപം 2 ഏക്കർ സ്ഥലത്ത് ലോറി സ്റ്റാൻഡിൽ 8275 ചതുരശ്ര മീറ്ററിൽ പണിയുന്ന മൊബിലിറ്റി ഹബ്ബിൽ ബസ് പാർക്കിങ്, റസ്റ്റോറന്റ്, ഷോപ്പിങ് കോംപ്ലക്സ് (25 കടകൾ), കാർ പാർക്കിങ് എന്നിവയാണ് ഉദ്ദേശിക്കുന്നത്. കൊല്ലം ജില്ലാ പ്ലാനിങ് ഓഫീസർ മുഖേന പരാമർശം (1) പ്രകാരം സമർപ്പിച്ച കൊല്ലം കോർപറേഷന്റെ അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയാറാക്കി നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കണമെന്ന വ്യവസ്ഥയിൽ പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയാറാക്കി

നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കണമെന്ന വ്യവസ്ഥയിൽ കൊല്ലം കോർപറേഷന്റെ ""ലോറി സ്റ്റാൻഡ് മൊബിലിറ്റി ഹബ് ഷോപ്പിങ് കോംപ്ലക്സ് നിർമാണം"" എന്ന പദ്ധതിക്ക് (പ്രോജക്ട് നമ്പർ: 813/22, അടങ്കൽ: 30 കോടി രൂപ, വികസന ഫണ്ട്: ജനറൽ -15 ലക്ഷം രൂപ, ലോൺ - 29.85 കോടി രൂപ) തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
John V Samuel I A S
Deputy Secretary

മേയർ / സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപറേഷൻ
നഗരകാര്യ ഡയറക്ടർ, .തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്